# വിഭവം, അധികാരം, തെരഞ്ഞെടുപ്പ്

കേരളത്തിൽ സജീവ ചർച്ചാ വിഷയമായ പാലക്കാട് ജില്ലയിലെ കൊക്കകോള, പെപ്സി കോള കമ്പനികളുടെ പ്രവർത്തനങ്ങൾ, അവയ്ക്കെതിരായ സമരങ്ങൾ ഇവയുടെ പശ്ചാത്തലത്തിൽ വ്യാവസായിക, വാണിജ്യ ആവശ്യത്തിനുള്ള പ്രകൃതി വിഭവങ്ങളോടുള്ള സമീപനം തുടങ്ങിയവയെപ്പറ്റി വ്യത്യസ്ത തലങ്ങളിലെ രാഷ്ട്രീയ-സാമൂഹിക പ്രവർത്തകരോട് ചോദ്യങ്ങളുമായി ഈ ലോകസഭാ തെരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ സമീപിക്കുകയുണ്ടായി. ജലം, വായു, മണ്ണ്, മണൽ, ഭൂമി, വിഭവം, അധികാരം, തെരഞ്ഞെടുപ്പ്...... അതെ നമുക്ക് തെരഞ്ഞെടുക്കാൻ അടിസ്ഥാന രാഷ്ട്രീയ പ്രശ്നങ്ങൾ. (വായനക്കാരുടെയും പ്രതികരണം പ്രതീക്ഷിക്കുന്നു. അടുത്ത ലക്കത്തിൽ തുടരുന്നു.) തയ്യാറാക്കിയത്/ശേഖരിച്ചത് : നീലകണ്ഠൻ, ഫൈസൽ ബാവ, ഷീബ അമീർ; റോബിൻ, ഷാജി, വെങ്കിടി, സുരേന്ദ്രൻ.

## ചോദ്യാവലി

1. പാലക്കാട് ജില്ലയിലെ പെരുമാട്ടി പഞ്ചായത്തിൽ പ്രവർത്തിക്കുന്ന കൊക്കക്കോള കമ്പനി ഭൂഗർഭജലം ഊറ്റുന്നത് ജൂൺ 15 വരെ നിർത്തിവയ്ക്കാൻ സർക്കാർ നിർദ്ദേശിച്ചുവല്ലോ. ഭൂഗർഭജലം ഊറ്റുന്നത് നിർത്തുക, ഉൽപ്പന്നങ്ങളും ഉൽപ്പാദനാവശിഷ്ടങ്ങളും വിഷമാലിന്യ വിമുക്തമാണെന്നതിന് തെളിവ് ഹാജരാക്കുക എന്നീ നിബന്ധനകൾ പാലിക്കാത്തതിനാൽ കമ്പനിയുടെ ലൈസൻസ് പുതുക്കാതിരിക്കാനുള്ള ഗ്രാമപഞ്ചായത്ത് തീരുമാനം സർക്കാർ സ്റ്റേ ചെയ്തത് ശരിയാണോ ? എന്തുകൊണ്ട് ? ഭൂഗർഭ ജലസ്രോതസ്സുകൾ മിക്കപ്പോഴും മഴകൊണ്ട് പെട്ടെന്ന് ശക്തിപ്പെടുന്നവയല്ലെന്നാണ് വിദഗ്ദാഭിപ്രായം. അതു ശരിയെങ്കിൽ കൊക്കകോള കമ്പനി വർഷകാലമായാൽ പ്രവർത്തിക്കാമെന്ന (ജൂൺ 15ന് ശേഷം) സർക്കാർ നിലപാട് ശരിയോ ?
2. കേരളത്തിൽ പലയിടത്തും പ്രവർത്തിക്കുന്ന, പ്രതിദിനം ലക്ഷക്കണക്കിന് ലിറ്റർ ഭൂഗർഭജലം ഊറ്റി വിൽക്കുന്ന ഇത്തരം കമ്പനികൾ പ്രവർത്തിക്കാൻ അനുവദിക്കുന്നത് ശരിയോ ? അനുവദിക്കുകയാണെങ്കിൽ ഇതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെ ? ഈ കമ്പനികൾ എത്രകാലം നിലനിൽക്കും ?
3. കൊക്കകോളയേക്കാൾ വളരെ കൂടുതൽ ജലം പ്രതിദിനം ഊറ്റിയെടുക്കുന്ന പാലക്കാട് ജില്ലയിലെപുതുശ്ശേരി പഞ്ചായത്തിലെ പെപ്സി കമ്പനി അടച്ചുപൂട്ടാൻ സർക്കാർ തീരുമാനമെടുക്കേണ്ടതല്ലേ ? എന്തുകൊണ്ട് ?
4. പ്രകൃതി വിഭവങ്ങളെ (വെള്ളം, വായു, മണൽ, മണ്ണ്, സസ്യസമ്പത്ത്, ........) അമിതമായി ആശ്രയിക്കുന്ന വ്യവസായ വാണിജ്യസ്ഥാപനങ്ങൾ/രീതികൾ ദീർഘകാലാടിസ്ഥാനത്തിൽ കേരളത്തിന് താങ്ങാവുന്നവയാണോ ? ഇത്തരം വിഷയങ്ങളെ സമഗ്രമായി പരിശോധിക്കുന്ന ഒരു പ്രകൃതിവിഭവ ഓഡിറ്റിനായി ഒരു ജനകീയ കമ്മീഷന് (ജനകീയ - രാഷ്ട്രീയ പ്രതിനിധികളും വിദഗ്ധരുമടങ്ങുന്നത്) രൂപം കൊടുക്കുന്നതിനെക്കുറിച്ച് നിങ്ങളുടെ നയസമീപനമെന്ത് ?

   ക) മാവൂർ, കരിമുകൾ തുടങ്ങിയ വ്യവസായികാനുഭവങ്ങളുടേയും എൻഡോസൾഫാൻ തളിക്കൽ, കരിമണൽ ഖനനം, പുഴമണൽ വാരൽ തുടങ്ങിയ വിവേചൂഷണരീതികളുടേയും പശ്ചാത്തലത്തിൽ ഇത്തരം സ്ഥാപനങ്ങളുടെ/രീതികളുടെ ഭാവി എന്തായിരിക്കണം ? നിർത്തേണ്ടവയാണെങ്കിൽ അവയുടെ നിരോധനം/പിൻവാങ്ങലിനുള്ള പദ്ധതികൾ/നിർദ്ദേശങ്ങൾ എന്ത്?

   ഖ) ജിം തുടങ്ങിയ സംരഭങ്ങൾ വഴി വന്നിട്ടുള്ള നിക്ഷേപങ്ങളെ മുകളിൽ പറഞ്ഞ കമ്മീഷൻ നിർദ്ദേശിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിക്കുന്നതിനെക്കുറിച്ച് നിങ്ങളുടെ അഭിപ്രായമെന്ത് ? അതിനുള്ള പ്രായോഗിക പരിപാടികളെന്തായിരിക്കണം ?

   ഗ) വ്യവസായ - വാണിജ്യ നിക്ഷേപകർക്കായി ഒരു ജനകീയ അടിസ്ഥാന മാർഗ്ഗരേഖക്ക് രൂപം കൊടുക്കുകയും അത് സുസ്ഥിരമായി നടപ്പാക്കുകയും ചെയ്യുന്നതിനോട് നിങ്ങൾ യോജിക്കുമോ ? എങ്കിൽ അതിനുള്ള സംവിധാനങ്ങളും സമവായങ്ങളും (Consensus) എന്തായിരിക്കണം ?
5. അധികാര വികേന്ദ്രീകരണത്തെയും പഞ്ചായത്തീരാജ് സംവിധാനങ്ങളെയും എല്ലാ രാഷ്ട്രീയ കക്ഷികളും സ്വാഗതം ചെയ്യുന്നു. തങ്ങളുടെ ഏറ്റവും പ്രധാന/അടിസ്ഥാന പ്രകൃതി വിഭവമായ ജലം ഊറ്റിയെടുക്കുന്ന കമ്പനികളെ നിയന്ത്രിക്കാൻ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മതിയായ അധികാരങ്ങളുണ്ടോ ? പ്രാദേശിക വിഭവങ്ങൾക്കു മേൽ തദ്ദേശീയർക്കുള്ള അവകാശങ്ങൾ സർക്കാരുകൾ നൽകാതിരിക്കുന്നത് ശരിയാണോ ? ഇത്തരം വിഷയങ്ങൾ തെരഞ്ഞെടുപ്പിൽ ഉന്നയിക്കുമോ?

**മേൽപ്പറഞ്ഞവയ്ക്കുള്ള മറുപടി/പ്രതികരണം തുടർ പേജുകളിൽ വായിക്കുക.**